പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1128 — 11.7.2011 ൽ മറുപടിയ്ക്ക്

## 'രണ്ടാം കൃഷി നടപ്പിലാക്കുന്നതിന് നടപടി'

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. തോമസ് ചാണ്ടി | | ശ്രീ. കെ.പി. മോഹനൻ (കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിലെ വെള്ളപ്പൊക്കം ഒരു പരിധിവരെ തടയുവാൻ സാധിക്കുന്ന രണ്ടാം കൃഷി എല്ലാ പാടശേഖരങ്ങളിലും നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ ; | (എ) | കുട്ടനാട്ടിൽ രണ്ടാം കൃഷി നടപ്പിലാക്കുന്നതിനായി കർഷകർക്കാവശ്യമായ ഉത്പാദന ഉപാധികൾ സൗജന്യമായി വിതരണം ചെയ്തു വരുന്നു. കൂടാതെ മടവീഴ്ച സംഭവിച്ച പാടശേഖരങ്ങളിൽ മട പുനർനിർമ്മിച്ച് കൃഷി ആരംഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും കർഷകർക്ക് നൽകിയിട്ടുണ്ട്. |
| (ബി) | രണ്ടാം കൃഷി ആരംഭിക്കുവാൻ സന്നദ്ധമാകുന്ന പാടശേഖരങ്ങളുടെ മട കുത്തുന്നതിന് അടിയന്തിര സഹായം ലഭ്യമാക്കുമോ ? | (ബി) യും (സി) യും | മടവീഴ്ച സംഭവിച്ച പാടശേഖരങ്ങളിൽ മട കുത്തുന്നതിനുള്ള എസ്റ്റിമേറ്റ് റിപ്പോർട്ട് കൃഷി വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കിയിട്ടുണ്ട്. സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | സഹായം ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ഏതെല്ലാം പാടശേഖരങ്ങൾക്ക് അനുവദിച്ചുവെന്ന് വിശദമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ